ലൈക് പേജ്

മജീദ് കുട്ടമ്പൂർ

**കല്യാണത്തിന് ക്ഷണിക്കുന്നത് മുതൽ അതിഥികളെ സൽക്കരിക്കുന്നത് വരെ ഇന്ന് ഇവന്റ് മാനേജ്മെന്റാ യിരിക്കുന്നു. അതിനാൽ കച്ചവട ശീലങ്ങളുടെയും വ്യാപാര സംസ്കാരത്തിന്റെയും ആധിപത്യ അട യാളമാണ് ആദ്യാവസാനം ദൃശ്യമാവുക. ഈ സദ്യ കളിലൊന്നും അതിഥിയും ആതിഥേയനും തമ്മിൽ കണ്ടുകൊള്ളണമെന്നുപോലുമില്ല. ഇതിലെ ഭോജന രീതി പരസ്പരം അറിയാത്തവർ തമ്മിലുള്ള ഒരിട പാട് മാത്രമാണ്.**

# സുപ്രയിൽ നിന്ന് ബുഫയിലേക്ക്



നാട്ടിലിപ്പോൾ ആയിരങ്ങൾ ക്ഷണിക്കപ്പെടുന്ന ബിഗ് ബജറ്റ് കല്യാണങ്ങളുടെ സീസണും ബഹളവു മാണ്. കല്യാണച്ചടങ്ങിലായാലും അല്ലെങ്കിലും ഭക്ഷണം നൽകുകയെന്നത് ദൈവത്തിന്റെ അനുഗ്രഹ ങ്ങൾക്കുള്ള നന്ദിപ്രകാശനം കൂടിയാണ്. ഒരു സുപ്ര യിലെ (വിരിപ്പ്) ഭക്ഷണത്തിന് മുമ്പിൽ വട്ടം കൂടിയി രുന്ന് പരസ്പരം ക്ഷണിച്ച്, കൈയിൽ കിട്ടിയത് അപ രനുമായി പങ്ക് വെച്ച് ആഹരിക്കലായിരുന്നു മുസ്‌ലിം പാരമ്പര്യം. അറബ് നാടുകളിലും കേരളത്തിലുമെല്ലാം അങ്ങനെ തന്നെ. യാത്രയിൽ ഒറ്റപ്പെട്ടു പോകുന്നവനും വഴിതെറ്റിയവനും ഒരിക്കലും മുൻപരിചയമില്ലാത്ത അതിഥിക്ക് പോലും ഭക്ഷണമൊരുക്കി കാത്തിരിക്കു ന്നവരുടെ ആതിഥ്യ സ്നേഹം തീർച്ചയായും വിശ്വാ സത്തിന്റെ ഭാഗം കൂടിയാണ്. ജീവിതവും ഭക്ഷണവും ഒന്നാണെന്ന ഭക്ഷണ സംസ്കാരത്തെക്കുറിച്ചുള്ള പഴ മൊഴി ഏറെ അർത്ഥവത്താണ്.

കാലം ഒരുപാട് മാറി... കല്യാണത്തിനും പാർട്ടി കൾക്കും നാട്ടുമ്പുറത്ത് പോലും വളരെ സൗകര്യമുള്ള ഒരേർപ്പാടുണ്ട്. ബുഫെ എന്നാണതിന് പേര്, ഫ്രഞ്ച് ഭാഷയിൽ ഭക്ഷണം വിളമ്പുന്ന മേശ എന്നാണ് ഇതി നർഥം. അർഥമെന്തായാലും പാശ്ചാത്യ മുതലാളിത്ത സംസ്കാരത്തിന്റെ ഒരു ചിഹ്നമാണത്. കല്യാണത്തിന് ക്ഷണിക്കുന്നത് മുതൽ അതിഥികളെ സൽക്കരിക്കു ന്നത് വരെ ഇന്ന് ഇവന്റ് മാനേജ്മെന്റായിരിക്കുന്നു. അതിനാൽ കച്ചവട ശീലങ്ങളുടെയും വ്യാപാര സംസ്കാരത്തിന്റെയും ആധിപത്യ അടയാളമാണ് ആദ്യാവസാനം ദൃശ്യമാവുക. ഈ സദ്യകളിലൊന്നും അതിഥിയും ആതിഥേയനും തമ്മിൽ കണ്ടുകൊള്ളണമെന്നുപോ ലുമില്ല. ഇതിലെ ഭോജന രീതി പരസ്പരം അറിയാത്തവർ തമ്മി ലുള്ള ഒരിടപാട് മാത്രമാണ്. വലിയ ആൾക്കൂട്ടങ്ങൾ പങ്കെടുക്കു മ്പോഴും ഓരോരുത്തരും പരസ്പര ബന്ധമില്ലാതെ ഒറ്റപ്പെട്ടവരാ യിരിക്കും. ഒറ്റവാക്കിൽ പറഞ്ഞാൽ, വേണമെങ്കിൽ വന്ന് വാങ്ങി തിന്ന് പോകുന്ന ഒരേർപ്പാട്.

പല കൗണ്ടറുകളിൽ അതിഥികൾ തലങ്ങും വിലങ്ങും പ്ലേറ്റും ഗ്ലാസ്സും പിടിച്ച് ക്യൂ നിന്ന് ഭക്ഷണം ഇരന്ന് വാങ്ങണം; സപ്ലൈ കോയുടെ മുമ്പിലും ഓണം പെരുന്നാൾ ഡിസ്കൗണ്ട് കൗണ്ടറു കൾക്ക് മുമ്പിലും സഞ്ചിയും കാർഡും പിടിച്ച് ക്യൂ നിൽക്കുന്ന തുപോലെ. ജയിലിൽ ഇങ്ങനെ പ്രതികൾ ഭക്ഷണത്തിന് ക്യൂ നിൽക്കുന്നത് ചില സിനിമകളിൽ കണ്ടിട്ടുണ്ട്. നട്ടുച്ചക്ക് ഭക്ഷണ ത്തിന്റെ പീക് ടൈം ആണെങ്കിൽ ദുരിതാശ്വാസ ക്യാമ്പിനെ ഓർമി പ്പിക്കുന്ന നീണ്ട ക്യൂ ആയിരിക്കും.

ടൈ കെട്ടിയ, യാന്ത്രികമായ പെരുമാറ്റ രീതികളുള്ള വിളമ്പു കാരനിൽ നിന്ന് ഒരു വിധം ഭക്ഷണം കൈപ്പറ്റിക്കഴിഞ്ഞാൽ പിന്നെ ഇരുന്ന് കഴിക്കാൻ കസേര കിട്ടിക്കൊള്ളണമെന്നില്ല. നിവർന്ന് നിന്നോ കുന്തിച്ചിരുന്നോ ഭക്ഷണം കഴിക്കാം. കുടിവെള്ള ഗ്ലാസ്സ് ഭക്ഷണം കഴിക്കുമ്പോൾ കാലിനിടയിൽ നിലത്ത് വെച്ച് സംരക്ഷി ക്കലാണ് പലരും. ഇരിപ്പിടം ലഭിച്ചവരിൽ തന്നെ ആദ്യവിളമ്പലിൽ ലഭിച്ച അൽപ ഭക്ഷണം കൊണ്ടു വിശപ്പൊടുങ്ങാത്തവരുണ്ടെങ്കിൽ കുഴഞ്ഞത് തന്നെ! വീണ്ടും അല്പം ഭക്ഷണമോ കറിയോ കൗണ്ട റിൽ ചെന്ന് വാങ്ങാമെന്ന് വെച്ചാലോ? തിരിച്ചു വരുമ്പോഴേക്കും ഇരിപ്പിടം മറ്റൊരാൾ കൈയേറിയിട്ടുമുണ്ടാകും!

മാന്യമായി ക്ഷണിച്ചുവരുത്തി അവഹേളിക്കുന്ന ഈ രീതി ഇസ്‌ലാമികവും വിശ്വാസി സമൂഹത്തിന് സ്വീകാര്യവുമാവുന്നതെ ങ്ങനെ? ആദരണീയരും വൃദ്ധരുമായ സമുദായത്തിലെ ചില നേതാ ക്കൾ ഇങ്ങനെ പ്ലെയ്റ്റും ഗ്ലാസ്സും പിടിച്ച് കല്യാണ വീടിന്റെ ഓരത്ത് ഭക്ഷണത്തിന് ക്യൂ നിൽക്കുന്ന ദയനീയ കാഴ്ചയെപറ്റി ഡോ. ഹുസൈൻ മടവൂർ ഒരിക്കൽ എഴുതിയിരുന്നു. (മാധ്യമം 15/10/ 2013)

ഭക്ഷണം അന്തസ്സോടെ കഴിക്കേണ്ടതാണ്. ഇരന്ന് വാങ്ങി തിന്നേണ്ടതല്ല. അഭിമാനവും ആഹ്ളാദവും പരസ്പര ബന്ധവും പ്രാർത്ഥനയും സർവ്വോപരി മതപരമായ കൽപനാ പാലനവും അടങ്ങുന്നതാണ് സൽക്കാരം. അതിഥിയെ തൃപ്തിപ്പെടുത്തു ന്നതും സൽക്കരിക്കുന്നതും ദൈവ പ്രീതിക്ക് കാരണമാണെന്നാണ് അധ്യാപനം. അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കു ന്നവൻ അതിഥിയെ ആദരിക്കട്ടെയെന്നാണ് പ്രവാചക മതം. ഇതൊന്നും കല്യാണത്തിന് മാന്യമായി ക്ഷണിക്കപ്പെട്ട അതിഥിക്ക് ബാധകമല്ലേ? ■

Vol. No: 70 Issue No. 42 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla